പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2341 18.02.2016 - ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജുകളിലെ സ്കാനിംങ് , എക്സ് -റേ പരിശോധനകൾ**

| **ചോദ്യം**<br>**ശ്രീ.കെ.എൻ.എ. ഖാദർ :** | **ശ്രീ. വി. എസ് . ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) മെഡിക്കൽ കോളേജുകളിൽ സ്കാനിംങ്, എക്സ്-റേ തുടങ്ങിയ പരിശോധനകൾ ആവശ്യമുള്ള രോഗികൾക്ക് യഥാസമയം പരിശോധന നടത്താൻ കഴിയാത്ത സ്ഥിതി നിലവിലുണ്ടോ; | (എ)<br>രോഗികളുടെ ബാഹുല്യം കൂടുതലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇത്തരമൊരവസ്ഥ നിലവിലുണ്ട്. |
| (ബി) അടിയന്തിര പരിശോധന ആവശ്യമുള്ള രോഗികൾക്കുപോലും പരിശോധന നടത്തി ഫലം ലഭിയ്ക്കുന്നതിന് ദീർഘനാൾ കാത്തിരിക്കേണ്ടി വരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി)ഇതു കാരണം പല രോഗികൾക്കും സ്വകാര്യ ലാബുകളെ പരിശോധനകൾക്കായി ആശ്രയിക്കേണ്ടി വരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കാര്യക്ഷമമായ പരിശോധന സംവിധാനങ്ങൾ ഇല്ലാത്തത് രോഗികളെ ബുദ്ധിമുട്ടിക്കുന്നതാണെന്നതും സ്വകാര്യ ലാബുകളെ പരോക്ഷമായി സഹായിക്കുന്നതാണെന്നുമുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;<br>(ഇ) ഇത്തരം പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ? | (ഡി) & (ഇ)<br>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ എം.ആർ.ഐ./ സി.റ്റി.സ്കാൻ/എക്സറേ മെഷീനുകളും ഡിജിറ്റൽ ആൻജിയോഗ്രഫി സംവിധാനങ്ങളും തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ